വാല്യം 2

# ലിറ്റിൽ കൈറ്റ്സ് വോയ്സ്

ലക്കം 1

2020 ജനുവരി 14 | കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ്ബ് മുഖപത്രം | 1195 ധനു 29

## കുത്താട്ടുകുളം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന് സംസ്ഥാനതല അംഗീകാരം




കുത്താട്ടുകുളം: കുത്താട്ടുകുളം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന് സംസ്ഥാനതല അംഗീകാരം ലഭിച്ചു. 2018-2019 അദ്ധ്യനവർഷം ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി സംസ്ഥാനതലത്തിൽ കൈറ്റ് സംഘടിപ്പിച്ച മത്സരത്തിൽ എറണാകുളം റവന്യൂ ജില്ലയിൽനിന്നും കുത്താട്ടുകുളം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് രണ്ടാം സ്ഥാനം നേടി. 2019 ജൂലൈ 5 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ നടന്ന ചടങ്ങിൽ കേരള വിദ്യാഭ്യാസമന്ത്രി പ്രോഫ. സി. രവീന്ദ്രനാഥ് പ്രശസ്തിപത്രവും ഫലകവും സമ്മാനിച്ചു. ഇതോടൊപ്പം സമ്മാനത്തുകയായി 25000 രൂപ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് പ്രവർത്തനങ്ങൾക്കായി കൈറ്റ് നൽകും. സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിനെ പ്രതിനിധീകരിച്ച് ക്ലബ്ബ് അംഗം ഹരികൃഷ്ണൻ അശോക്, ഹെഡ്മിസ്ട്രസ് എം. ഗീതാദേവി, കൈറ്റ് മാസ്റ്റർ ശ്യാംലാൽ വി. എസ്. എന്നിവർ ചേർന്ന് സമ്മാനം ഏറ്റുവാങ്ങി.

## ലിറ്റിൽ കൈറ്റ്സ് സ്കൂൾതല ഭരണനിർവ്വഹണ സമിതി രൂപീകരിച്ചു.

കുത്താട്ടുകുളം: കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് 2019-20 സ്കൂൾതല ഭരണനിർവ്വഹണ സമിതി രൂപീകരിച്ചു. ചെയർമാൻ - പി. ബി. സാജു (പി.റ്റി.എ. പ്രസിഡന്റ്), കൺവീനർ - ഗീതാദേവി എം. (ഹെഡ്മിസ്ട്രസ്), വൈസ് ചെയർമാൻമാർ - സിൽവി കെ. ജോബി (പ ി.റ്റി.എ. വൈസ് പ്രസിഡന്റ്), ഷാന്റി മുരളി (എം. പി.റ്റി.എ. പ്രസിഡന്റ്), ജോയിന്റ് കൺവീനർ - ശ്യാംലാൽ വി. എസ്.(കൈറ്റ് മാസ്റ്റർ), സാങ്കേതിക ഉപദേഷ്ടാവ് - അജിത് എ. എൻ. (എസ്. ഐ. റ്റി. സി.), വിദ്യാത്ഥി പ്രതിനിധികൾ - ലിബിയ ബിജു (ലിറ്റിൽ കൈറ്റ്സ് ലീഡർ), സോനു സൂസൻ എബി (ലിറ്റിൽ കൈറ്റ്സ് ഡപ്യൂട്ടി ലീഡർ), സ്കൂൾ പാർലമെന്റ് പ്രതിനിധികൾ - ഹരികൃഷ്ണൻ അശോക് (സ്കൂൾ ലീഡർ), ഗൗരി എസ്. (സ്കൂൾ ചെയർമാൻ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

## ഡിജിറ്റൽ പൂക്കളമത്സരം സംഘടിപ്പിച്ചു




കുത്താട്ടുകുളം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2019 ആഗസ്റ്റ് 29, 30 തീയതികളിൽ ഡിജിറ്റൽ പൂക്കളമത്സരം നടന്നു. ഡിജിറ്റൽ പൂക്കളം തയ്യാറാക്കാൻ താല്പര്യം പ്രകടിപ്പിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും കൈറ്റ് മാസ്റ്റർ ടക്സ് പെയിന്റ് സോഫ്റ്റ്വെയറിൽ ഡിജിറ്റൽ പൂക്കളം തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകി. തുടർന്ന് രണ്ടു ദിവസങ്ങളിലായി ഡിജിറ്റൽ പൂക്കളമത്സരം നടന്നു. 36 വിദ്യാർത്ഥികൾ ഡിജിറ്റൽ പൂക്കളം തയ്യാറാക്കി. കൈറ്റ് എറണാകുളം ജില്ലാ കോർഡിനേറ്റർ സജിമോൻ പി. എൻ. ഡിജിറ്റൽ പൂക്കളമത്സരം സന്ദർശിച്ച് ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി. വർഷ കെ. ബി. (10 എ), അഭിഷേക് അജയൻ (10 എ), ആതിര എസ്. (9 ബി) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മികച്ച മൂന്നു പൂക്കളങ്ങൾ സ്കൂൾ വിക്കി ഡിജിറ്റൽ പൂക്കളം പേജിൽ അപ്‌ലോഡ് ചെയ്തു.

## ലിറ്റിൽ കൈറ്റ്സ് ഏകദിന പരിശീലനം

കുത്താട്ടുകുളം: കുത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് 2019-21 ബാച്ച് ഐ. ടി. ക്ലബ്ബിന്റെ ഏകദിന പരിശീലനം 2019 ജൂൺ 22 ശനിയാഴ്ച നടന്നു. രാവിലെ 10 മണിക്ക് സ്കൂൾ ഹെഡ്മിസ്ട്രസ് ഗീതാദേവി എം. പരിശീല പരിപാടി ഉദ്ഘാടനം ചെയ്തു. ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കു പുറമെ തിരുമാറാടി ഗവ. വി. എച്ച്. എസ്സ്. എസ്സിലെ 15 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കൂടി പരിശീലനത്തിൽ പങ്കെടുത്തു. ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗം സജിൽ വിൻസന്റ്, കൈറ്റ് മാസ്റ്റർ ശ്യാംലാൽ വി. എസ്., എന്നിവർ ക്ലാസ്സുകൾ നയിച്ചു. ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ ലക്ഷ്യം, പ്രവർത്തന മേഖലകൾ, പ്രവർത്തന രീതി, ഇവയെല്ലാം കളികളിലൂടെ കുട്ടികളിൽ എത്തിക്കുന്ന തായിരുന്നു പരിശീലനപരിപാടി. വൈകിട്ട് നാലുമണിക്ക് പരിശീലനനപരിപാടി അവസാനിച്ചു.

## ഹയർ സെക്കന്ററി എകജാലക പ്രവേശനം ഹെൽപ് ഡസ്ക്



2019-20 അദ്ധ്യയനവർഷത്തേയ്ക്കുള്ള ഹയർ സെക്കന്ററി എകജാലക പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് സഹായകമായി ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹെൽപ്പ് ഡസ്ക് പ്രവർത്തനമാരംഭിച്ചു. ഹരികൃഷ്ണൻ അശോകിന്റെ നേതൃത്വത്തിൽ ഗൗരി എസ്., അശ്വതി മുരളി, ആശിഷ് എസ്., ഡെനിൽ ജോ ജെ., ഡാനിയേൽ ബേബി എന്നിവരാണ് ഹെൽപ്പ് ഡസ്കിൽ പ്രവർത്തിച്ചത്. വിവിധ സ്കൂളുകളിൽ നിന്നായി അമ്പതിൽപ്പരം അപേക്ഷകർ തികച്ചും സൗജന്യമായ ഈ സേവനം പ്രയോജനപ്പെടുത്തി.

# ഐ.ടി. പഠനക്കളരി



കുത്താട്ടുകുളം: കുത്താട്ടുകുളം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിന്റെ സാമൂഹ്യ സേവന പ്രവർത്തനങ്ങളുടെ ഭാഗമായി കൂത്താട്ടുകുളം ഗവ. യു.പി. സ്കൂൾ ഇ - കിഡ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങൾക്കായി ഐ.ടി. പഠനക്കളരി നടത്തി. 07/09/2019 ശനിയാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ നടന്ന കളരിയിൽ 30 വിദ്യാർത്ഥികളും ആറ് അദ്ധ്യാപകരും പങ്കെടുത്തു. ഹെഡ്മിസ്ട്രസ് എം. ഗീതാദേവി ഉദ്ഘാടനം നിർവ്വഹിച്ചു. എറണാകുളം ഡയറ്റ് ഐ. ടി. ഫാക്കൽറ്റി ബിജോയ് കെ. എസ്. മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗം സജിൽ വിൻസന്റ്, കൈറ്റ് മാസ്റ്റർ ശ്യാംലാൽ വി.എസ്., ഇ - കിഡ്സ് ഐ.ടി. ക്ലബ്ബ് കോർഡിനേറ്റർ നിഖിൽ ജോസ്എന്നിവർ ക്ലാസുകൾ നയിച്ചു. ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിലെ 17 അംഗങ്ങൾ പ്രായോഗിക പരിശീലനത്തിന് നേതൃത്വം നൽകി. കമ്പ്യൂട്ടർ അടിസ്ഥാന ആശയങ്ങൾ, വേഡ് പ്രോസസർ (ലിബർ ഓഫീസ് റൈറ്റർ), മലയാളം കമ്പ്യൂട്ടിങ്, കളർപെയിന്റ് എന്നിവയിലാണ് പരിശീലനം നൽകിയത്. മികച്ച പ്രകടനം കാഴ്ചവച്ച വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകി.

# സൂം വീഡിയോ കോൺഫറൻസ്

കൂത്താട്ടുകുളം: അമ്മമാർക്ക് സമഗ്ര, ക്യൂ ആർ കോഡ് എന്നിവയിലൂടെ ലഭ്യമാകുന്ന പഠനഭാഗങ്ങൾ, ഡിജിറ്റൽ പഠനവിഭവങ്ങൾ തുടങ്ങിയവ പ്രയോജനപ്പെടുത്തി കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി ഒരു പരിശീലനം നൽകുന്നതിന് കൈറ്റ് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ പ്രാരംഭമായി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങൾക്കും കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസ്, എസ്.ഐ.ടി.സി. എന്നിവർക്കും ഓൺലൈൻ വീഡിയോ കോൺഫറൻസ് വഴി മൊഡ്യൂൾ പരിചയപ്പെടുത്തൽ നടന്നു. സൂം കോൺഫറൻസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് 2019 ഒക്ടോബർ ഒന്നാം തീയതി 10.30 മുതൽ ആണ് ഈ ക്ലാസ്സ് നടന്നത്. ഒരേ സമയം പത്ത് സെന്ററുകളെ കൈറ്റ് ജില്ലാ ആസ്ഥാനത്തെ ട്രെയിനിംഗ് സെന്ററുമായി ബന്ധിപ്പിച്ചായിരുന്നു പരിശീലനം. ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങൾക്കും അദ്ധ്യാപകർക്കും ഈപ്രവർത്തനം ഒരു നവ്യാനുഭവമായിരുന്നു

# ഹെൽത്ത് പ്രൊഫൈൽ ഡാറ്റാബേസ് നിർമ്മാണം





കൂത്താട്ടുകുളം: ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് 2018-20 ബാച്ചിന്റെ ഗ്രൂപ്പ് അസൈൻമെന്റിന്റെ ഭാഗമായി ഹെൽത്ത് പ്രൊഫൈൽ ഡാറ്റാബേസ് നിർമ്മാണം നടന്നു. എട്ടാം ക്ലാസ്സിലെ മുഴുവൻ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ഹെൽത്ത് പ്രൊഫൈൽ ഡാറ്റാബേസ് തയ്യാറാക്കിയത്. ഉയരം, തൂക്കം, രക്തഗ്രൂപ്പ്, പ്രായം, രോഗവിവരങ്ങൾ, അലർജി, സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ തുടങ്ങിയ വിവരങ്ങൾ ഈ ഡാറ്റാബേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡാറ്റാബേസിലേയ്ക്കുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രത്യേകം വിവരശേഖരണ പെർഫോമ ഗ്രൂപ്പ് അംഗങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഡാറ്റാ ബേസ് ഉപയോഗിച്ച് ബി. എം. ഐ. കൂടി ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ ഹെൽത്ത് കാർഡ് തയ്യാറാക്കി നൽകും.

# അനിമേഷൻ & ഗ്രാഫിക്സ് പരിശീലനം

ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങളുടെ അനിമേഷൻ പരിശീലനം 26/06/19 ബുധനാഴ്ച ആരംഭിച്ചു. വിവിധ ട്വീനിംഗ് സങ്കേതങ്ങൾ ഉപയോഗിച്ച് ലഘു അനിമേഷനുകൾ കുട്ടികൾ തയ്യാറാക്കി. ജിമ്പ്, ഇങ്ക് സ്കേപ്പ് എന്നീ ഗ്രാഫിക്സ് സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുത്തി. മൊഡ്യൂൾ പ്രവർത്തനങ്ങൾ ആഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കി.

# ഗ്രാഫിക്സ് ശില്പശാല



കൂത്താട്ടുകുളം: കൂത്താട്ടുകുളം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങൾക്കായി 2019 ഒക്ടോബർ 12 ശനിയാഴ്ച ഗ്രാഫിക്സ് ശില്പശാല നടത്തി. ജിമ്പ് സോഫ്റ്റ്‌വെയറിലായിരുന്നു പരിശീലനം. പേഴയ്ക്കാപ്പിള്ളി ഗവ. ഹയർ സെക്കന്ററി സ്കൂൾ മുൻ ചിത്രകലാദ്ധ്യാപകൻ കെ. എം. ഹസ്സൻ ക്ലാസ്സുകൾ നയിച്ചു. ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങൾക്കുപുറമെ ഗവ. യു. പി. സ്കൂൾ കൂത്താട്ടുകുളം, ഗവ. യു. പി. സ്കൂൾ ഉപ്പുകണ്ടം, സെന്റ് പീറ്റേഴ്സ് യു. പി. സ്കൂൾ കോഴിപ്പിള്ളി എന്നിവിടങ്ങളിലെ ചിത്രകലയിൽ അഭിരുചിയുള്ള വിദ്യാർത്ഥികളും ശില്പശാലയിൽ പങ്കെടുത്തു. കൂത്താട്ടുകുളം ഗവ. യു. പി. സ്കൂൾ ഈ-കിഡ്സ് ഐ. ടി. ക്ലബ്ബ് കോർഡിനേറ്റർ നിഖിൽ ജോസ്, എസ്. ഐ. ടി. സി. അജിത് എ. എൻ., കൈറ്റ് മാസ്റ്റർ ശ്യാംലാൽ വി. എസ്. എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

# ലിറ്റിൽ കൈറ്റ്സ് സ്കൂൾതല ക്യാമ്പ് 2019



കൂത്താട്ടുകുളം: കൂത്താട്ടുകുളം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് 2019-21 ബാച്ച് അംഗങ്ങൾക്കുള്ള സ്കൂൾ തല ക്യാമ്പ് 2019 സെപ്റ്റംബർ 28 ശനിയാഴ്ച നടന്നു. രാവിലെ ഒമ്പതു മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. 9.30 ന് ക്യാമ്പ് പ്രവർത്തനമാരംഭിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് എം. ഗീതാദേവി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മൂവാറ്റുപുഴ ജില്ലാ മാസ്റ്റർ ട്രെയിനർ ഡോ. വിപുൽ മുരളി ക്യാമ്പിന് നേതൃത്വം നൽകി. ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗം സജിൽ വിൻസെന്റ്, എസ്. ഐ. ടി. സി. അജിത് എ. എൻ., കൈറ്റ് മാസ്റ്റർ ശ്യാംലാൽ വി. എസ്. എന്നിവർ ക്ലാസ്സുകൾ നയിച്ചു. കെഡെൻലൈവ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള വീഡിയോ എഡിറ്റിംഗ്, സ്ക്രാച്ച് 2 ഉപയോഗിച്ചുള്ള അനിമേഷൻ നിർമ്മാണം ഇവയാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരുന്നത്. വൈകുന്നേരം നാലുമണിക്ക് ക്യാമ്പ് അവസാനിച്ചു. സ്കൂൾ ക്യാമ്പിലെ പ്രകടനം വിലയിരുത്തി ലിബിയ ബിജു, ആതിര എസ്., ഗ്രേഷ്യസ് കെ. ബിജു, അർജ്ജുൻ ഷിബു, ഗണേശൻ കെ. എം., സൂര്യ എസ്. കരുൺ എന്നിവരെ ഉപജില്ലാ ക്യാമ്പിൽ പങ്കെടുക്കുന്നതിനായി തെരഞ്ഞെടുത്തു.

# പ്രോഗ്രാമിങ് പരിശീലനം

ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ്അംഗങ്ങളിൽ യുക്തിചിന്തയും പ്രോഗ്രാമിങ് അഭിരുചിയും വളർത്തുന്നതിന് സ്ക്രാച്ചിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രോഗ്രാമിങ് പരിശീലനം പൂർത്തിയാക്കി

## പ്രോഗ്രാമിങ് വിദഗ്ധ പരിശീലനം




കൂത്താട്ടുകുളം: കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ്ബ് അംഗങ്ങൾക്കായി 2019 ഒക്ടോബർ 19 ശനിയാഴ്ച ഏകദിന വിദഗ്ധപരിശീലനം നടന്നു. സ്ക്രാച്ച് 2 സോഫ്റ്റ്‌വെയറിലായിരുന്നു പരിശീലനം. ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗം ശ്രീ. സജിൽ വിൻസെന്റ് ക്ലാസ്സ് നയിച്ചു. എറണാകുളം ഡയറ്റ് ഐ. ടി. ഫാക്കൽറ്റി ബിജോയ് കെ. എസ്., കൂത്താട്ടുകുളം ഗവ. യു. പി. സ്കൂൾ ഈ-കിഡ്സ് ഐ. ടി. ക്ലബ്ബ് കോർഡിനേറ്റർ നിഖിൽ ജോസ്, മൂവാറ്റുപുഴ ഗവ. ഈസ്റ്റ് ഹൈസ്കൂൾ എസ്. ഐ. റ്റി. സി. മനോജ് കെ. കെ. എന്നിവർ വിദഗ്ധപരിശീലനക്ലാസ്സിന് നേതൃത്വം നൽകി. പരിശീലനത്തിൽ മികവുതെളിയിച്ച ഗ്രൂപ്പുകൾക്ക് സമ്മാനങ്ങൾ നൽകി അനുമോദിച്ചു.

## ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ

ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് 2019-22 ബാച്ചിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷ 2019 ജൂൺ 28 ന് നടന്നു. 83 വിദ്യാർത്ഥികൾ പരീക്ഷ എഴുതി. 33 കുട്ടികൾ ലിറ്റിൽ കൈറ്റ്സ് അംഗത്വത്തിന് യോഗ്യത നേടി.

## റോബോട്ടിക്സിൽ നാഷണൽ ലെവൽ സർട്ടിഫിക്കേഷൻ നേടി ലിറ്റിൽ കൈറ്റുകൾ



കൂത്താട്ടുകുളം: നാഷണൽ റോബോട്ടിക്സ് സെന്ററും മുംബൈ ഐ.ഐ.റ്റി. ഇന്നവേഷൻ സെല്ലും ചേർന്നു സംഘടിപ്പിച്ചിരിക്കുന്ന നാഷണൽ റോബോട്ടിക്സ് ചാമ്പ്യൻഷിപ്പ് 2019 ന് മുന്നോടിയായി മൂവാറ്റുപുഴ പേഴയ്ക്കാപ്പിള്ളി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ഒക്ടോബർ 10,11 തീയതികളിൽ നടന്ന മേഖലാതല ദ്വിദിന റോബോട്ടിക്സ് പരിശീലപരിപാടിയിൽ പങ്കെടുത്ത് കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നാഷണൽ ലെവൽ സർട്ടിഫിക്കേഷൻ നേടി. ഹരികൃഷ്ണൻ അശോക്, ആശിഷ് എസ്., അശ്വതി മുരളി, ഗൗരി എസ്., മരിയ റെജി എന്നിവരാണ് ഈ നേട്ടം കൈവരിച്ചത്. ബ്ലാക്ക് ലൈൻ സെൻസർ റോബോട്ടുകളുടെ നിർമ്മാണമാണ് പരിശീലിപ്പിച്ചത്. എൻ.ആർ.സി. ഇന്ത്യ ടീമിലെ വിദഗ്ധർ ക്ലാസ്സുകൾ നയിച്ചു. പി, റ്റി. എ. പ്രസിഡന്റ് പി. ബി. സാജുവിന്റെ അദ്ധ്യക്ഷതയിൽ നവംബർ 1 ന് ചേർന്ന മലയാളവാരാഘോഷ ഉദ്ഘാടനസമ്മേളനത്തിൽ കൂത്താട്ടുകുളം നഗരസഭാദ്ധ്യക്ഷൻ റോയി എബ്രഹാം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്തു

## ലിറ്റിൽ കൈറ്റുകളുടെ സേവനം ഉപജില്ലാ കലോത്സവത്തിലും



കൂത്താട്ടുകുളം: മുത്തോലപുരം സെന്റ് പോൾസ് ഹൈസ്കൂളിൽ നടന്ന കൂത്താട്ടുകുളം ഉപജില്ലാ കലോത്സവം 2019 ൽ കൂത്താട്ടുകുളം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ റെക്കോഡിംഗ് ടെക്നീഷ്യന്മാരും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുമായി. കൈറ്റ് സ്കൂളുകളിൽ ലഭ്യമാക്കിയ വെബ് ക്യാമറകൾ ഉപയോഗിച്ച് ചീസ് വെബ്ക്യാം ബൂത്ത് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് വിവിധ സ്റ്റേജുകളിൽ അരങ്ങേറിയ കലാപരിപാടികൾ ലിറ്റിൽ കൈറ്റുകൾ റെക്കോഡ് ചെയ്തത്. സ്കോറുകൾ എന്റർ ചെയ്യുക, സർട്ടിഫിക്കറ്റുകളും വിവിധ റിപ്പോർട്ടുകളും ജനറേറ്റ് ചെയ്യുക, പ്രോജക്ടർ ഉപയോഗിച്ച് റിസൽട്ട് ഡിസ്പ്ലേ ചെയ്യുക (സോഫ്റ്റ്‌വെയറിലെ പബ്ലിഷ് റിസൽട്ട് സങ്കേതം ഉപയോഗിച്ച്) തുടങ്ങിയ സേവനങ്ങളും ലിറ്റിൽ കൈറ്റുകൾ ലഭ്യമാക്കി.

# 'സ്മാർട്ട് അമ്മ' പരിശീലനം

കൂത്താട്ടുകുളം: കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2019 ഒക്ടോബർ 28 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ എട്ട്, ഒമ്പത് ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ അമ്മമാർക്കായി 'സ്മാർട്ട് അമ്മ' പരിശീലനം നടന്നു. പുതിയ പാഠപുസ്തകങ്ങളിലെ ക്യൂആർ കോഡുകൾ പഠനമികവിനായി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിശീലനം നടന്നത്. വിദ്യാലയങ്ങളുടെ സമഗ്രവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള 'സമേതം' വെബ് പോർട്ടൽ, കേരളത്തിന്റെ സമ്പൂർണ്ണ വിദ്യാഭ്യാസ ചാനലായ വിക്ടേഴ്സ്, പാഠപുസ്തകങ്ങളുടെ വിഭവപോർട്ടലായ 'സമഗ്ര' എന്നിവ സ്മാർട്ട് ഫോണിലൂടെ പ്രയോജനപ്പെടുത്തുന്ന രീതി അമ്മമാരെ പരിചയപ്പെടുത്തി. പരിശീലനം കൂത്താട്ടുകുളം നഗരസഭാദ്ധ്യക്ഷൻ റോയി എബ്രഹാം ഉദ്ഘാടനം ചെയ്തു. പി.റ്റി.എ. പ്രസിഡന്റ് പി. ബി. സാജു അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ എം.പി.റ്റി.എ. പ്രസിഡന്റ് ഷാന്റി മുരളി, പി. റ്റി.എ. വൈസ് പ്രസിഡന്റ് സിൽവി കെ. ജോബി, പ്രഥമാദ്ധ്യാപിക ഗീതാദേവി എം. എന്നിവർ സംസാരിച്ചു. വടകര ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ കൈറ്റ് മിസ്ട്രസ് പ്രസീദ പോൾ പദ്ധതി വിശദീകരണം നടത്തി. തുടർന്ന് ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങളായ കുട്ടികൾ അമ്മമാർക്ക് പരിശീലനം നൽകി. എസ്. ഐ. ടി. സി. അജിത് എ. എൻ., കൈറ്റ് മാസ്റ്റർ ശ്യാംലാൽ വി. എസ്. എന്നിവർ പരിശീലനത്തിൽ വിദ്യാർത്ഥികളെ സഹായിച്ചു.






# ലിറ്റിൽ കൈറ്റ്സ് പ്രാഥമിക ക്യാമ്പ്

കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ മൂന്നാം ബാച്ച് (2019-22) ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങളുടെ പ്രാഥമിക ക്യാമ്പ് 19-12-2019 വ്യാഴാഴ്ച നടന്നു. ആദ്യമായാണ് എട്ടാം ക്ലാസ്സിൽ തന്നെ ലിറ്റിൽ കൈറ്റുകൾക്ക് പരിശീലനം ആരംഭിക്കുന്നത്. പ്രോഗ്രാമിങ്, മലയാളം കമ്പ്യൂട്ടിങ്, ചിത്രരചന എന്നീ മൂന്ന് മേഖലകളിലെ പ്രാഥമികപാഠങ്ങളാണ് ഒന്നാം വർഷം പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം വർഷത്തെ പ്രായോഗികപരിശീലനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ അടിസ്ഥാന നൈപുണികൾ ഉറപ്പുവരുത്തുക എന്നതാണ് ആദ്യവർഷത്തെ പരിശീലനലക്ഷ്യം. സ്കൂൾ ഹെഡ്മിസ്ട്രസ് എം. ഗീതാദേവി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കൈറ്റ് ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളായ ശ്യാംലാൽ വി. എസ്., സജിൽ വിൻസെന്റ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. സീനിയർ ലിറ്റിൽ കൈറ്റുകൾ പ്രായോഗിക പരിശീലനത്തിന് നേതൃത്വം നൽകി. പ്രാഥമികക്യാമ്പിനെ തുടർന്ന് ഒന്നാം വർഷ ലിറ്റിൽ കൈറ്റുകൾക്ക് മൂന്നു ശനിയാഴ്ചകളിൽക്കൂടി പരിശീലനം നടക്കും.






## സൈബർ സുരക്ഷാസെമിനാർ



കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാസെമിനാർ 30/11/2019 ശനിയാഴ്ച നടന്നു. സ്കൂൾ ഹെഡ്മിസ്ട്രസ് എം. ഗീതാദേവി ഉദ്ഘാടനം ചെയ്തു. ഈസ്റ്റ് മാറാടി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസറും സൈബർ ട്രെയിനറുമായ പി. സമീർ സിദ്ദീഖി സെമിനാർ നയിച്ചു. കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ് അംഗങ്ങൾക്കു പുറമെ കൂത്താട്ടുകുളം ഉപജില്ലയിലെ സെന്റ് പീറ്റേഴ്സ് ഹയർ സെക്കന്ററി സ്കൂൾ ഇലഞ്ഞി, സെന്റ് പോൾസ് ഹൈസ്കൂൾ മുത്തോലപുരം, ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ വടകര, ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ തിരുമാറാടി എന്നിവിടങ്ങളിലെ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബിനെ പ്രതിനിധീകരിച്ച് അഞ്ച് അംഗങ്ങൾ വീതം പങ്കെടുത്തു. മൊബൈൽ ഫോൺ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഓൺ ലൈൻ ഗെയിമുകളുടെ ദോഷങ്ങൾ, ഇന്റർനെറ്റിൽ പ്രവേശിക്കുമ്പോൾ പാലിക്കേണ്ട മര്യാദകളും സുരക്ഷാ മുൻകരുതലുകളും, സുരക്ഷിതവും മാന്യവുമായ ഇന്റർനെറ്റ് ഉപയോഗം എന്നീ വിഷയങ്ങൾ സെമിനാറിൽ ചർച്ച ചെയ്തു. രാവിലെ 10 ന് ആരംഭിച്ച സെമിനാർ ഉച്ചയ്ക്ക് ഒരുമണിക്ക് അവസാനിച്ചു.

## ലിറ്റിൽ കൈറ്റ്സ് കൂത്താട്ടുകുളം ഉപജില്ലാക്യാമ്പ്



കൂത്താട്ടുകുളം: പിറവം കൂത്താട്ടുകുളം ഉപജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ലിറ്റിൽ കൈറ്റുകളുടെ ഉപജില്ലാ ക്യാമ്പ് നംവംബർ 15, 16 തീയതികളിലായി കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂളിൽ നടന്നു. സ്കൂൾതല ക്യാമ്പിൽ മികവുതെളിയിച്ച 72 ലിറ്റിൽ കൈറ്റുകൾക്ക് അനിമേഷൻ, പ്രോഗ്രാമിംഗ് എന്നീ മേഖലകളിലാണ് രണ്ടുദിവസത്തെ വിദഗ്ധ പരിശീലനം നൽകിയത്. ഉപജില്ലാ ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ലിറ്റിൽ കൈറ്റുകൾക്ക് റവന്യൂ ജില്ലാക്യാമ്പിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും. കൈറ്റ് മാസ്റ്റർ ട്രെയിനർമാരായ അനിൽകുമാർ കെ. ബി., ഡോ. വിപുൽ മുരളി എന്നിവരാണ് ക്യാമ്പിന് നേതൃത്വം നൽകി. ശ്യാംലാൽ വി. എസ്., സജിൽ വിൻസെന്റ്, ഷീല മാത്യു, സി. മരിയ സെബാസ്റ്റ്യൻ, പ്രസീദ പോൾ, ഷിബു ജോസ്, ഗിരിജ വി. എൻ. എന്നിവർ ക്ലാസ്സുകൾ നയിച്ചു. കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ നിന്നും പ്രോഗ്രാമിങിൽ സൂര്യ എസ്. കരുണും അനിമേഷനിൽ അർജ്ജുൻ ഷിബുവും എറണാകുളം റവന്യൂജില്ലാ സഹവാസ ക്യാമ്പിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.

## ഐ.ടി. മേള റണ്ണർ അപ്



കൂത്താട്ടുകുളം ഉപജില്ലാ ഐ.ടി. മേളയിൽ കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ എച്ച്. എസ്. വിഭാഗം റണ്ണർ അപ് നേടി. ഗൗരി എസ്. (രചനയും രൂപകൽപ്പനയും എ ഗ്രേഡ് ഒന്നാം സ്ഥാനം), ഹരികൃഷ്ണൻ അശോക് (ഐ. ടി. ക്വിസ് എ ഗ്രേഡ് രണ്ടാം സ്ഥാനം), സൂര്യ എസ്. കരുൺ (പ്രോഗ്രാമിങ് എ ഗ്രേഡ് രണ്ടാം സ്ഥാനം), ആശിഷ് എസ്. (അനിമേഷൻ എ ഗ്രേഡ് ), മരിയ റെജി (രചനയും അവതരണവും എ ഗ്രേഡ് ) എന്നിവർ വിജയികളായി

## 'വിദ്യാലയം പ്രതിഭകളോടൊപ്പം' പരിപാടിയിൽ ലിറ്റിൽ കൈറ്റുകളും പങ്കാളികളായി

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കിയ 'വിദ്യാലയം പ്രതിഭകളോടൊപ്പം' പരിപാടിയിൽ കൂത്താട്ടുകുളം ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ് ഐ.ടി.ക്ലബ്ബ് അംഗങ്ങളും പങ്കാളികളായി. പ്രശസ്ത ഗായികയും സംഗീതാദ്ധ്യാപികയുമായ സുശീലാദേവി ഗോപിനാഥ്, പ്രശസ്ത നർത്തകിയും അഭിനേത്രിയുമായ കലാമണ്ഡലം അനു ബാലചന്ദ്രൻ, നിരവധി വർഷങ്ങളിൽ കലാപ്രതിഭയായിരുന്ന മേഘ്ന എസ്. എന്നിവരെയാണ് പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികളും അദ്ധ്യാപകരും അടങ്ങുന്ന സംഘം നവംബർ 14 ന് സന്ദർശിച്ചത്. വാർത്തനിർമ്മാണപരിശീലനം ലഭിച്ച ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ സന്ദർശനത്തിന്റെ ഫോട്ടോ എടുക്കുകയും വീഡിയോ റെക്കോഡിംഗ് നടത്തുകയും ചെയ്തു.